# നന്ദിയോടെ കരുണ കാണിക്കുക

സാക് പുന്നൻ

WFTW 13 മാർച്ച് 2016

കർത്താവ് നമുക്ക് ഇത്രയും സൗജന്യമായി ദാനം ചെയ്തിട്ടുള്ള ക്ഷമയുടെ വിസ്മയം നമുക്ക് ഒരിക്കലും നഷ്ടപ്പെടരുത്. കർത്താവ് കാൽവരി ക്രൂശിൽ നമുക്കുവേണ്ടി ചെയ്ത എല്ലാറ്റിനും വേണ്ടിയുള്ള നന്ദി പ്രകടനമായിട്ട് ഇനി നമ്മുടെ ജീവിതം മുഴുവൻ തീരണം. ന്യായപ്രമാണത്തിൻ കീഴിൽ ന്യായവിധിയെ ഭയപ്പെട്ടാണ് ആളുകൾ കർത്താവിനെ സേവിച്ചത്. എന്നാൽ കൃപക്കു കീഴിൽ, അത് നന്ദിയുടെ ശക്തിയിലൂടെയാണ്.

മത്താ.18:2325ൽ 30 കോടി രൂപയുടെ വലിയ ഒരു കടം തൻറെ ദാസന് ക്ഷമിച്ചുകൊടുത്ത ദയാലുവായ ഒരു രാജാവിൻറെ ഉപമ യേശു തൻറെ ശിഷ്യന്മാരോടു പറഞ്ഞു. അവൻറെ തന്നെ ജീവിത കാലത്തോ അല്ലെങ്കിൽ വരും തലമുറയ്ക്കോ ഒരിക്കലും മടക്കിക്കൊടുക്കാൻ കഴിയാത്തത്ര വലിയ കടമായിരുന്നു ആ ദാസൻറേത്. അതുകൊണ്ട് അവൻ തനിക്കു ലഭിച്ച ഈ മാപ്പിന് വലിയ നന്ദിയുള്ളവനായിരിക്കണമായിരുന്നു. എന്നാൽ തനിക്ക് ലഭിച്ച അതേ അളവിൽ അവൻ മറ്റുള്ളവർക്ക് പകരം കൊടുത്തില്ല. അയാൾ തൻറെ യജമാനൻറെ സന്നിധിയിൽ നിന്നു പുറത്തുപോയ ഉടൻ തന്നെ അയാൾ തനിക്ക് അറുപതിനായിരം രൂപ കടംപെട്ടിരുന്ന മറ്റൊരുവൻറെ ഭവനത്തിലേക്കു പോയി. ഇവിടെ 60000/രൂപ തീർച്ചയായും അത്ര എളുപ്പം അവഗണിക്കത്തക്കവിധം ചെറിയ ഒരു തുകയല്ല. എന്നാൽ അവന് ഇളച്ചുകിട്ടിയ 300,000,000 രൂപയോട് തുലനം ചെയ്താൽ അത് സമുദ്രത്തിലെ വെറും ഒരു തുള്ളിയയാണ് ! എന്നാൽ ഈ മനുഷ്യൻ എന്താണ് ചെയ്തത് ? അയാൾ മറ്റെ മനുഷ്യൻറെ തൊണ്ടക്കു പിടിച്ചു ഞെരിച്ചുകൊണ്ട് 'നിൻറെ കടം ഇപ്പോൾ തന്നെ തീർക്കുക' എന്നാവശ്യപ്പെട്ടു. ആ മനുഷ്യന് അത് മടക്കിക്കൊടുക്കുവാൻ കഴിഞ്ഞപ്പോൾ, അവൻ അയാളെ അറസ്റ്റ് ചെയ്ത് തടവിലാക്കി. ഇത് രാജാവിനെ അറിയിച്ച ഉടനെ അദ്ദേഹം കരുണയില്ലാത്ത ദാസനെ ആളയച്ച് വിളിപ്പിച്ച് അയാളെ 'ദുഷ്ട ദാസൻ' എന്ന് സംബോധന ചെയ്തുകൊണ്ട് മുഴുവൻ തുകയും കൊടുത്തു വീട്ടുംവരെ അയാളെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപിച്ചു. എന്നിട്ട് യേശു പറഞ്ഞു, 'നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ എൻറെ പിതാവ് നിങ്ങളോടും അങ്ങനെ തന്നെ ചെയ്യും' (മത്താ.18:35).

ഈ ഉപമയിലെ രാജാവ്, തൻറെ ഭൃത്യൻ കൃതജ്ഞത നിമിത്തം കരുണ കാണിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ആ ദാസൻ, തനിക്കുതന്നെ ലഭിച്ച കരുണയ്ക്കുള്ള നന്ദിയാൽ പ്രവർത്തിക്കുവാൻ പരാജയപ്പെട്ടപ്പോഴാണ് ആ രാജാവ് ദണ്ഡനത്തിൻറെ രണ്ടാം തരം രീതി അവലംബിച്ചത്. ദൈവത്തിൻറെ കാര്യത്തിലും ഇത് അങ്ങനെ തന്നെയാണ്. അവിടുന്ന് നമുക്കുവേണ്ടി ചെയ്തതിനുള്ള കൃതജ്ഞതയിൽ നിന്നും നാം മറ്റുള്ളവരോട് ക്ഷമിക്കണമെന്നാണ് അവിടുന്ന് പ്രാഥമികമായി ആഗ്രഹിക്കുന്നത്. കൃപയുടെ വിളിക്ക് നാം പ്രതികരിക്കാതിരിക്കുമ്പോഴാണ്, കുറഞ്ഞപക്ഷം നിയമത്തിൻറെ ഭീഷണിയോട് എങ്കിലും നാം പ്രതികരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്, നമ്മെ നിയമത്തിൻ കീഴാക്കുന്നത്. അപ്പോൾ അവിടുന്ന് നമ്മെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ വിട്ടുകൊടുത്തിട്ട് മറ്റുള്ളവരോട് ക്ഷമിക്കുവാൻ നമ്മെ പഠിപ്പിക്കുവാൻ നോക്കുന്നു. അനേകം വിശ്വാസികൾ, ഒരിക്കലും ശബ്ബത്തിൻറെ സ്വസ്ഥതയിലേക്കു പ്രവേശിക്കുന്നതായി കാണപ്പെടാത്തവരും, സ്ഥിരതയില്ലാത്തവരും മുൻകൂട്ടി ഒന്നും നിശ്ചയിക്കുവാൻ പറ്റാത്ത വിധത്തിലുള്ള പെരുമാറ്റമുള്ളവരും, മിക്കപ്പോഴും ശോകസ്വഭാവമുള്ളവരും, നീണ്ട മുഖമുള്ളവരും, നിരാശരും, മുൻകോപമുള്ളവരും ആയിരിക്കുന്നതിൻറെ കാരണം അവർ മറ്റുള്ളവരോട് ക്ഷമിച്ചിട്ടില്ല എന്നതാണ്. ദണ്ഡിപ്പിക്കുന്നവർ അവരുടെ ആത്മാവിൻറെ മേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ആ സ്ത്രീയെ കൊണ്ടുവന്ന പരീശന്മാർ, ആ സാധു സ്ത്രീയെ കല്ലേറിയാൻ തുടങ്ങിയിരുന്നെങ്കിൽ, യേശു ആ സ്ത്രീയുടെ മുമ്പിൽ നിന്നിട്ട് അവിടുന്നു തന്നെ ആ കല്ലുകൾ ഏറ്റിട്ട് ഇപ്രകാരം പറയുമായിരുന്നു 'ആദ്യം എന്നെ കൊല്ലുക.' കാൽവറിയിൽ അവിടുന്ന് നമുക്കുവേണ്ടി ചെയ്തത് അതു തന്നെയായിരുന്നു. നമ്മുടെ മുന്നിൽ നിന്നുകൊണ്ട് നാം ഏൽക്കേണ്ടിയിരുന്ന 'കല്ലുകളെ' അവിടുന്ന് ഏറ്റു. ക്രിസ്തുവിൻറെ ആത്മാവ് പുതിയ ഉടമ്പടിയുടെ ആത്മാവാണ്, അത് പരീശന്മാരുടെ ആത്മാവിന് തീർത്തും വിപരീതമായ ആത്മാവാണ്. ക്രിസ്തുവിൻറെ ആത്മാവുള്ള ഒരുവനു മാത്രമേ ശാശ്വതമായ സന്തോഷത്തിൻറെ ഒരു ജീവിതകാലത്തിലേയ്ക്ക് പ്രവേശിക്കുവാൻ കഴിയുകുള്ളു.

കൊറിയയിലുള്ള ദൈവഭക്തനായ ഒരു ക്രിസ്ത്യാനിയെക്കുറിച്ച് ചില വർഷങ്ങൾക്കു മുമ്പ് 'സ്നേഹത്തിൻറെ ആറ്റംബോംബ്' എന്ന തലക്കെട്ടിൽ ഒരു സംഭവകഥ പ്രസിദ്ധീകിക്കപ്പെട്ടു, അദ്ദേഹത്തിൻറെ യുവാവയ മകൻ, കമ്മ്യൂണിസ്റ്റുകാരനായ ഒരു യുവാവിനാൽ വെടിയേറ്റു കൊല്ലപ്പെട്ടു. ആ ദൈവഭക്തനായ പിതാവ് പോയി തൻറെ മകൻറെ കൊലയാളിയെ അന്വേഷിച്ച് കണ്ടുപിടിച്ച് അവനോട് ക്ഷമിക്കുക മാത്രമല്ല ചെയ്തത്. അവനെ തൻറെ സ്വന്തം മകനായി ദത്തെടുത്ത് വളർത്തി. അങ്ങനെയുള്ള ഒരു മനുഷ്യൻ തീർച്ചയായും 'ജീവനുള്ള പുതിയ വഴിയേക്കുറിച്ച്, ഈ ഉപദേശവും ദൈവവചനത്തിലെ ഉദാഹരണവാക്യങ്ങളും മാത്രം അറിയാവുന്ന അനേകരെക്കാൾ, നന്നായി മനസ്സിലാക്കിയിട്ടുണ്ട് ! യേശു ഈ വഴി പഠിപ്പിച്ചത് ഒരു ഉപദേശമായിട്ടല്ല. അവിടുന്നു തൻറെ ജീവിതം മുഴുവൻ ഈ വഴിയിലൂടെ നടന്നു. തൻറെ ജീവരക്തം കൊടുത്ത് അവരെ രക്ഷിക്കത്തക്ക അളവിൽ അവിടുന്നു തന്നെ വെറുത്തവരെ സ്നേഹിച്ചു. ഇതാണ് ജീവനുള്ള പുതിയ വഴി. ഇപ്പോൾ നാം യേശുവിൻറെ കാൽചുവടുകളെ പിൻപറ്റുവാനായി വിളിക്കപ്പെട്ടിരിക്കുന്നു  മറ്റുള്ളവർക്ക് തിന്മ ഉണ്ടാകണമെന്നാഗ്രഹിച്ച് അവരുടെമേൽ ഒരു ശാപം വെയ്ക്കുന്നതിനാലല്ല, എന്നാൽ നമ്മെ ശപിക്കുന്നവരെ അനുഗ്രഹിക്കുന്നതിനാലാണ്. മറ്റുള്ളവർക്ക് തിന്മ ആഗ്രഹിച്ചുകൊണ്ട് ചുറ്റിനടന്ന് ശപിക്കുകയും, പരാതിപ്പെടുകയും മറ്റുള്ളവരെക്കുറിച്ച് ദൂഷണം പറയുകയും ചെയ്യുന്ന ആളുകളാൽ ഈ ലോകം നിറഞ്ഞിരിക്കുന്നു. അതിനു പകരം നമുക്ക്, നന്മ ചെയ്തും അനുഗ്രഹിച്ചും, ആളുകളെ സ്വതന്ത്രരാക്കിയും കൊണ്ട് ചുറ്റി നടക്കാം.